# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 2261 – 12/02/2020 - ലെ മറുപടിക്ക്**

## സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധി

**ചോദ്യം** | **ഉത്തരം**

**ശ്രീ. റോജി എം. ജോൺ**

**ഡോ. ടി. എം. തോമസ് ഐസക്**
**(ധനകാര്യവും കയറും വകുപ്പുമന്ത്രി)**

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | സംസ്ഥാനം നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് വികസന പദ്ധതികളിൽ ഇതിനകം തുടക്കമിട്ടിട്ടില്ലാത്തവ തൽക്കാലം നീട്ടിവച്ച് പ്രതിസന്ധി മറികടക്കുന്ന കാര്യം സർക്കാർ പരിഗണിക്കുന്നുണ്ടോ; എങ്കിൽ പ്രഖ്യാപിച്ചതും, ഇതിനകം തുടക്കമിട്ടിട്ടില്ലാത്തതുമായ ഏതൊക്കെ വികസന പദ്ധതികളാണ് നീട്ടി വെയ്ക്കുവാൻ ആലോചിക്കുന്നതെന്ന് വിശദമാക്കാമോ? | സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി നിലവിലുണ്ടെങ്കിലും വികസന പ്രവർത്തനങ്ങൾക്ക് തടസ്സം വരാതിരിക്കാനാണ് സർക്കാർ പരമാവധി ശ്രമിക്കുന്നത്. എല്ലാ പദ്ധതികൾക്കും ഭരണാനുമതിയും സാങ്കേതികാനുമതിയും സർക്കാർ നൽകിവരുന്നുണ്ട്. വൻകിട അടിസ്ഥാന സൗകര്യ വികസന പദ്ധതിയുടെ കീഴിൽ വരുന്ന എല്ലാ പദ്ധതികൾക്കും തുടക്കം കുറിക്കാൻ സാധിച്ചിട്ടുണ്ട്. തീരദേശ ഹൈവേ, ദേശീയപാത വികസന പദ്ധതി എന്നിവ പുരോഗമിച്ചു വരുന്നു. കൂടാതെ, കണ്ണൂർ വിമാനത്താവളം പദ്ധതി ഉദ്ഘാടനം നിർവ്വഹിച്ചു കഴിഞ്ഞു. വിഴിഞ്ഞം തുറമുഖം പദ്ധതി പൂർത്തീകരിച്ച് വരുന്നു. സമയബന്ധിതമായി പൂർത്തീകരണം ആവശ്യമുള്ള എല്ലാ പദ്ധതികൾക്കും സാമ്പത്തിക പ്രതിസന്ധി ഒരു തടസ്സമാകാതെ നടപ്പിലാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. വികസന പദ്ധതികൾ കാലതാമസം കൂടാതെ നടപ്പിലാക്കുകയെന്നതാണ് സർക്കാരിന്റെ പരമപ്രധാനമായ ലക്ഷ്യം. ആയതിനാൽ വികസന പദ്ധതികൾ നീട്ടിവയ്ക്കാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. |

**സെക്ഷൻ ഓഫീസർ**